ജി(4)3073/2020

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
ജവഹർ സഹകരണ ഭവൻ,
ഡി.പി.ഐ ജംഗ്ഷൻ
തിരുവനന്തപുരം -14
ഫോൺ 0471-2330825
ഇ-മെയിൽ keralarcs.coop@kerala.gov.in
www.cooperation.kerala.gov.in
തീയതി: 28.06.2021

## സർക്കുലർ നമ്പർ 25 /2021

വിഷയം- സഹകരണ വകുപ്പ്- കോവിഡ് 19 ഓൺ ലൈൻ ക്ലാസ് - വിദ്യാർത്ഥികൾക്ക് മൊബൈൽ ഫോൺ - പലിശ രഹിത വായ്പ നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

പരാമർശം- സഹകരണ സംഘം രജിസ്ട്രാറുടെ 22/2021 നമ്പർ സർക്കുലർ

കോവിഡ് 19 മഹാമാരിയെ തുടർന്ന് സംസ്ഥാനത്ത് വിദ്യാലയങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിയാത്ത സാഹചര്യത്തിൽ 1 മുതൽ 12 വരെയുള്ള ക്ലാസുകളിലേയ്ക്ക് ഓൺലൈൻ വഴി പഠനം നടത്തുന്നതിന് സർക്കാർ തീരുമാനിച്ചിരിക്കുന്നതിനാൽ ഇത്തരം സൗകര്യങ്ങൾ ലഭ്യമല്ലാത്ത വിദ്യാർത്ഥികൾക്ക് ടി സൗകര്യം ലഭ്യമാക്കുന്നതിലേയ്ക്കായി മൊബൈൽ ഫോണുകൾ വാങ്ങുന്നതിനായി സഹകരണ സംഘങ്ങൾ/ബാങ്കുകൾ വഴി പലിശരഹിത വായ്പ അനുവദിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിരുന്നു. ആയതിലേയ്ക്കുള്ള അധിക നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. സഹകരണ സംഘം രജിസ്ട്രാറുടെ 22/2021 സർക്കുലർ നിർദ്ദേശ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള 'വിദ്യാതരംഗിണി' പദ്ധതിയുടെ ക്രമപ്രകാരമുള്ള അപേക്ഷ സഹകരണ സംഘം/ബാങ്ക് നിരസിക്കുന്ന പക്ഷം ടി അപേക്ഷകൻ നിശ്ചിത ദിവസത്തിനകം ബന്ധപ്പെട്ട ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) നെ സമീപിക്കേണ്ടതും ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ടി അപേക്ഷയിൽ മേൽ തുടർനടപടി സ്വീകരിക്കേണ്ടതുമാണ്.
2. ടി വായ്പാ പദ്ധതി ആൾ ജാമ്യ (വായ്പ എടുക്കുന്ന വ്യക്തി) വ്യവസ്ഥയിൽ വിതരണം നടത്തേണ്ടതാണ്.
3. പരാമർശം സർക്കുലറിലെ മറ്റ് നിർദ്ദേശങ്ങളിൽ ഒന്നും തന്നെ യാതൊരുമാറ്റവും ഉണ്ടായിരിക്കുന്നതല്ല

(ഒപ്പ്)
പി.ബി. നൂഹ് ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്-

1. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
2. എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
3. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)/അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്) മാർക്കും (ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ഡയറക്ടർ(ആഡിറ്റ്) മുഖേന
4. എഡിറ്റർ, സഹകരണ വീഥി
5. വെബ് സൈറ്റ്
6. സ്റ്റോക്ക് ഫയൽ

//ആജ്ഞാനുസരണം//

ഡെപ്യൂട്ടിരജിസ്ട്രാർ(വിജിലൻസ്) (I/c)